


## സഹയാത്രികർ

■ അബൂഫിദൽ

# സലഫി-ലീഗ്-ഖാദിയാനി ഭായീ ഭായീ

**ജമാഅത്തെ** ഇസ്‌ലാമിയെ ഈ രാജ്യത്ത് നിരോധിച്ച് കിട്ടാൻ വേണ്ടി വാഴക്കാല സ്വദേശി അബ്ദുസ്സമദ് എന്നൊരാൾ കേരളാ ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തു. ജമാഅത്തെ ഇസ്‌ലാമി ആദ്യാവസാനം ഈ രാജ്യത്തിന് ഭീഷണിയാണെന്നാണ് ഹരജിക്കാരന്റെ വാദം. അതിനാൽ എത്രയും വേഗം ജമാഅത്തിനെ നിരോധിക്കുക; രാജ്യത്തെ രക്ഷിക്കുക. ഇരുപത് വർഷങ്ങൾക്കു മുമ്പ് കൽക്കത്ത ഹൈക്കോടതിയിൽ സമാനമായൊരു കേസ് വന്നിരുന്നു. ഖുർആൻ മഹാ അപകടമാണെന്നും ആ അപകടത്തിൽ നിന്ന് രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാൻ അടിയന്തരമായി ഖുർആൻ നിരോധിക്കണമെന്നുമായിരുന്നു ഹരജിക്കാരന്റെ വാദം.

ഹൈക്കോടതിയിൽ ഒരു കേസ് നടത്തുകയെന്നു പറഞ്ഞാൽ ചില്ലറക്കാര്യമല്ല. നല്ല സാമ്പത്തികച്ചെലവ് വരും. ഒരുപാട് കാലം അതിന്റെ പിന്നാലെ നടക്കണം. നല്ല വക്കീലിനെ കണ്ടെത്തണം; ചുരുക്കത്തിൽ വലിയ മെനക്കേടാണ്. വലിയ ആൾപിന്തുണയും ബൗദ്ധിക സഹായവും സാമ്പത്തിക പിന്തുണയുമില്ലാതെ ഒരു കേസ് നടത്തിക്കൊണ്ടുപോവാൻ കഴിയില്ല. ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഇങ്ങനെയൊരു കേസുമായി വന്ന ആ മഹാ രാജ്യസ്നേഹി ആര് എന്ന് സ്വാഭാവികമായും ജമാഅത്തുകാർ മൂക്കത്ത് വിരൽ വെച്ചു. ആളാര്, അവന് പിന്നിലാര് എന്നന്വേഷിക്കുന്നതിനിടയിൽ ആള് തന്നെ രംഗത്ത് വന്ന് കേസിന്റെ പിന്നിൽ ആരാണെന്ന് വെളിപ്പെടുത്തി. ഫെബ്രുവരി ഏഴാം തീയതി ഇറങ്ങിയ *കേരളാ ശബ്ദം* വാരികയിലെ 'പേരെന്തായാലും അവരെല്ലാം ഒന്ന്' എന്ന ലേഖനം വായിക്കുക. ലേഖകൻ അബ്ദുസ്സമദ് വാഴക്കാല തന്നെ. ബഹുമാനപ്പെട്ട ലീഗ് നേതാക്കളായ

കെ.എം ഷാജിയും എം.കെ മുനീറും നദ്‌വത്തുൽ മുജാഹിദീനും ഖാദിയാനികളും ഒന്നിച്ചു ചേർന്നാണത്രേ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ കുരിശു യുദ്ധത്തിനിറങ്ങിയിരിക്കുന്നത്. അതിന്റെ ഭാഗമായുള്ള വലിയൊരു നീക്കമാണ് പുതിയ കേസ് എന്നും ലേഖകൻ വെളിപ്പെടുത്തുന്നു. ലേഖനം വന്ന് ഒരു മാസം പിന്നിടാറായെങ്കിലും മുജാഹിദിന്റെയോ ലീഗിന്റെയോ നേതൃത്വത്തിലാരും ഈ പറഞ്ഞ കാര്യങ്ങൾ ഇതുവരെ നിഷേധിച്ചിട്ടുമില്ല.

ലേഖനത്തിൽ നിന്ന്: "ഖാദിയാനികൾക്ക് പരിഗണന നൽകുന്നുവെന്നതാണ് ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം ലീഗിനെ ശക്തമായി എതിർക്കാൻ പറയുന്ന മുഖ്യ കാരണം. കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പിൽ ഇ.ടി മുഹമ്മദ് ബഷീറിനെ സജീവമായി പിന്തുണച്ചിട്ട് ഇ. അഹ്‌മദിനെ അങ്ങേയറ്റം എതിർക്കാൻ തീരുമാനിച്ചതിന് ജമാഅത്തെ ഇസ്‌ലാമി പറയുന്ന കാരണം, ഇ. അഹ്‌മദ് ഖാദിയാനികളോട് മൃദുല സമീപനം സ്വീകരിച്ചുവെന്നതാണ്. ഖാദിയാനികൾ മുസ്‌ലിം ലീഗിനെ പല നിലക്കും പണ്ട് മുതലേ ധാരാളം പിന്തുണച്ചിരുന്നവരായിരുന്നുവെന്ന ചരിത്ര വസ്തുത മറച്ചു പിടിച്ചുകൊണ്ടാണ് ഇ. അഹ്‌മദ് സാഹിബിന്റെ ന്യായമായ ഖാദിയാനീ അനുകൂല നിലപാടിനെ ജമാഅത്തെ ഇസ്‌ലാമി കുപ്രചാരണത്തിനുപയോഗിക്കുന്നത്... ഇ. അഹ്‌മദ് സാഹിബിന്റെ ഭൂരിപക്ഷം വർധിപ്പിക്കാൻ അഹ്‌മദിയാക്കൾ അരയും തലയും മുറുക്കി രംഗത്തിറങ്ങി. ഭൂരിപക്ഷം വർധിക്കുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് കേരളാ ഹൈക്കോടതിയിൽ ഹരജി വന്നിട്ടുണ്ട്. അഹ്‌മദിയാ ജമാഅത്ത്, നദ്‌വത്തുൽ മുജാഹിദീൻ, മുസ്‌ലിം ലീഗ് തുടങ്ങിയ സംഘടനകളും എം.എൻ കാരശ്ശേരി, സി.ടി അബ്ദുറഹീം, എം.കെ മുനീർ, ഹമീദ് ചേന്ദമംഗല്ലൂർ തുടങ്ങിയ സാംസ്കാരിക നായകരുമെല്ലാം ഒന്നുചേർന്നു കൊണ്ട് ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിലെ മതേതരത്വത്തിന് മഹാഭീഷണിയാണെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നതിന് ഫലങ്ങൾ ദൃശ്യമായിത്തുടങ്ങിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി, പി.ഡി.പി, ഐ.എൻ.എൽ തുടങ്ങിയ വിഭാഗങ്ങൾ ഒന്നാണ്..."

സമാനമായ ഒരു കുറിപ്പ് *മലയാളം* വാരികയിലും വന്നിട്ടുണ്ട്. അതിൽനിന്ന്: "ലീഗ് നേതാവ് ഡോ. എം.കെ മുനീർ ഇപ്പോൾ പല വേദികളിലും ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ആഞ്ഞടിക്കുന്നുണ്ട്. എം.എൻ കാരശ്ശേരി, ഹമീദ് ചേന്ദമംഗല്ലൂർ തുടങ്ങിയ ബുദ്ധിജീവികളും ജമാഅത്തെ ഇസ്‌ലാമി ഉണ്ടാക്കുന്ന വിനകൾ തിരിച്ചറിഞ്ഞവരാണ്. എന്നാൽ മുസ്‌ലിം ലീഗിനുള്ളിലും മുസ്‌ലിംകളിലെ ഇതര മത സംഘടനകൾക്കുള്ളിലും തങ്ങളെ അനുകൂലിക്കുന്ന ശക്തമായ ഒരു ലോബിയെ ഉണ്ടാക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി വിജയിച്ചിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയെ പണ്ടുമുതലേ ശക്തമായി എതിർക്കുന്ന ഏക മുസ്‌ലിം സംഘടന അഹ്‌മദിയാ ജമാഅത്ത് മാത്രമാണ്. നദ്‌വത്തുൽ മുജാഹിദീനിലെ നല്ലൊരു വിഭാഗം സമീപകാലത്തായി മൗദൂദിസ്റ്റുകളെ ഫലപ്രദമായി എതിർക്കാൻ അഹ്‌മദിയാ ജമാഅത്തുമായി സഹകരിക്കുന്നുണ്ടെന്നത് ശുഭോദർക്കമാണ്. ബാക്കി മുസ്‌ലിം മത സംഘടനകൾ ജമാഅത്തെ ഇസ്‌ലാമിയെ തുറന്നെതിർക്കുന്നതിൽ എന്തോ കാരണത്താൽ അമാന്തം പുലർത്തുകയാണ്. അഹ്‌മദിയാ ജമാഅത്തും നദ്‌വത്തുൽ മുജാഹിദീനിലെ ചിലരും ചേർന്ന് ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്നാവശ്യപ്പെട്ട് കേരളാ ഹൈക്കോടതിയിൽ ഹരജി ഫയൽ ചെയ്തിട്ടുണ്ട്... പൊന്നാനിയിൽ ഇ.ടി ബഷീറിനെ സജീവമായി പിന്തുണച്ച ജമാഅത്തുകാർ ഇ. അ

ഹ്മദിനെ എതിർക്കാൻ കാരണമായി പറഞ്ഞത് ഇ. അഹ്മദ് അഹ്മദിയാ ജമാഅത്തിനോട് മൃദുല നയം പുലർത്തുന്നുവെന്നതാണ്. മുസ്ലിം ലീഗ് മതേതരമാകുന്നതിലാണ് അവരുടെ അസഹിഷ്ണുത. മുസ്ലിം ലീഗിനെ ഇസ്ലാമീകരിക്കണമെന്ന് പറഞ്ഞ് ലീഗിനുള്ളിൽ ധ്രുവീകരണമുണ്ടാക്കാനാണ് ജമാഅത്തെ ഇസ്ലാമിയുടെ ശ്രമം. നേരത്തെ സുലൈമാൻ സേഠ് നേതൃത്വത്തിലിരുന്നപ്പോൾ ജമാഅത്തെ ഇസ്ലാമിയുടെ ഇംഗിതങ്ങൾ കുറെയൊക്കെ പുലർന്നിരുന്നു. ഇ. അഹ്മദ് സാഹിബ് അഖിലേന്ത്യാ നേതൃത്വത്തിൽ വന്നതോടെ ജമാഅത്തിന്റെ കുതന്ത്രങ്ങൾ ഫലിക്കാതെ വന്നിരിക്കുകയാണ്. അഹ്മദിയാ ജമാഅത്തും നദ്വത്തുൽ മുജാഹിദീനിലെ ഒരു വിഭാഗവും മുസ്ലിം ലീഗും ഒരു ഭാഗത്ത്, ജമാഅത്തെ ഇസ്ലാമി, പി.ഡി.പി, ഐ.എൻ.എൽ എന്നീ ഭീകര വീക്ഷണഗതിക്കാർ മറ്റൊരു ഭാഗത്ത്" (മുഹമ്മദ് ഖംറാൻ, *സമകാലിക മലയാളം* വാരിക, 12 ഫെബ്രുവരി 2010, പേജ് 6). മുമ്പ് ഇന്ദിരാഗാന്ധി ജമാഅത്തെ ഇസ്ലാമിയെ നിരോധിച്ചപ്പോൾ അവരുടെ കരങ്ങൾക്ക് ശക്തിപകരാൻ കഅ്ബയുടെ കില്ല പിടിച്ച് പ്രാർഥിച്ച മുജാഹിദ് നേതാവിനെക്കുറിച്ച് കേട്ടിട്ടുണ്ട്. ഇപ്പോൾ സാക്ഷാൽ ഖാദിയാനികളൊടൊപ്പമാണ് അവർ എന്നത് എന്തായാലും ഞെട്ടിക്കുന്ന ഒരു വിവരം തന്നെ. എന്തായാലും ഇസ്ലാഹീ പ്രവർത്തനം വിജയിക്കട്ടെ എന്ന് നമുക്കാശംസിക്കാം. ■

## സ്ത്രീ ശാക്തീകരണം വേണം; എന്നാൽ വേണ്ട

"...ഇതുവരെ നാമവൾക്ക് പ്രവേശനമനുവദിച്ച മേഖലകൾ വളരെ തുഛമായിരുന്നുവെന്ന് ഓർമിപ്പിച്ചതാണ്. വിരിക്കും മറക്കും പിന്നിലിരുന്ന് കൊണ്ട് മാത്രമാണ് അവൾ ഇതുവരെ ക്ലാസ് കേട്ടുകൊണ്ടിരുന്നത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ ക്ലാസ് അനുഭവിക്കാൻ ഇന്നുവരെ അവൾക്ക് അവസരമൊത്തിട്ടില്ല. നാം അവസരം നൽകിയില്ല എന്ന് പറയുന്നതാവും കൂടുതൽ ശരി. സ്ത്രീയെ ഒരു ശ്രോതാവായി കാണാൻ പോലും നാം കൂട്ടാക്കിയില്ല. അവരെ നീട്ടിവലിച്ചു കെട്ടിയ കർട്ടനു പിന്നിലെ കാഴ്ചക്കാരി മാത്രമാക്കി. സ്ത്രീകൾക്ക് ക്ലാസ്സെടുക്കാൻ പക്വമതികളായവരെ അവരിൽനിന്ന് തന്നെ കണ്ടെത്താൻ നാമിതുവരെ കാത്തിരുന്നതെന്തേ? പ്രസ്തുത സംരംഭം ഇപ്പോഴും പൂർണാർഥത്തിൽ വിജയിച്ചിട്ടുണ്ടോ? മലയാളത്തിലെ അറിയപ്പെട്ട ഒരു ഇസ്ലാമിക പ്രസിദ്ധീകരണം; വനിതകൾക്ക് പ്രത്യേകമായി അതിൽ നീക്കിവെച്ചിട്ടുള്ള മൂന്ന് പേജ് നിത്യവും കൈകാര്യം ചെയ്യാൻ പോന്ന ഒരു സുന്നി വനിതയെ അന്വേഷിച്ചു. ഒരു ലക്കം ചെയ്യാൻ പോലും ഒരാളെ കിട്ടിയില്ല. അവർ പേന പോലും സ്വയം ഹറാമാക്കിയിരിക്കുകയാണ്. വനിതകൾക്ക് പ്രത്യേകമായി നാം തുടങ്ങിയ കുടുംബ മാസിക അഞ്ച് വർഷങ്ങൾ പിന്നിട്ടു. ശക്തമായ വായനക്കാർ ഉണ്ടായിട്ടും കൂട്ടത്തിൽ നിന്ന് ഒരെഴുത്തുകാരി പ്രസ്തുത മാസികയിൽ ഇടം പിടിക്കാൻ എന്തുകൊണ്ട് ഇനിയും വൈകുന്നു? കല്യാണം നടക്കാൻ വേണ്ടി മാത്രം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന രീതിയാണ് സത്യത്തിൽ നിലവിലുള്ളത്. ചന്തയിലെ പോത്തുകളെ എണ്ണ തേച്ച് മിനുക്കുന്ന പരിപാടിയാണത്. അതു മാറണം, സമൂഹത്തിലെ കുടുംബിനി എന്ന നിലയിൽ അവൾ പരിഗണിക്കപ്പെടണം. പ്രാഥമിക വിദ്യാഭ്യാസത്തിന് പുറമെ തദ്വിഷയകമായ കാര്യങ്ങൾ കൂടി അവൾ നിർബന്ധമായും അഭ്യസിക്കപ്പെടണം. അതിന് ആദ്യമായി പെണ്ണിന്റെ ചിന്തകൾക്ക് സമൂഹത്തിൽ ഒന്നും ചെയ്യാനില്ലെന്ന പുരുഷധാരണ മാറ്റിയെഴുതപ്പെടണം... ചില ഇസ്ലാമിക സംഘടനകൾ ഇതിനായി മുറവിളി കൂട്ടുന്നത് കൊണ്ടല്ല ഈ ആവശ്യം.

അത്തരക്കാരുടെ എല്ലാ പ്രവർത്തനങ്ങളും അംഗീകരിക്കപ്പെടാനാകില്ലെന്ന് നേരത്തെ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പോലും മുസ്‌ലിം സമൂഹത്തിന്റെ ശാക്തീകരണത്തിന് എന്നും അടിസ്ഥാനപരമായി സഹായിച്ചത് സ്ത്രീകളായിരുന്നുവെന്നത് നാം കാണാതെ പോവരുത്... മതകീയവും ധാർമികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഒരു സ്ത്രീശാക്തീകരണം ഇനിയും വൈകിക്കൂടാ. കാരണം അടിസ്ഥാനപരമായി നമ്മുടെ രീതിയതാണ്" (*തെളിച്ചം* മാസിക, 2010 ഫെബ്രുവരി, 'നമ്മുടെ പെണ്ണുങ്ങൾ ഇങ്ങനെയൊക്കെ ആവണോ' എന്ന മൻഹർ യു.പിയുടെ ലേഖനത്തിൽ നിന്ന്). ഇ.കെ വിഭാഗം സുന്നികളുടെ വിദ്യാഭ്യാസ സ്ഥാപനമായ ചെമ്മാട് ദാറുൽ ഹുദായുടെ പ്രസിദ്ധീകരണമാണ് *തെളിച്ചം*. സ്ത്രീശാക്തീകരണത്തിന്റെ കാര്യത്തിൽ എന്ത് തെളിച്ചമാണ് കിട്ടുന്നതെന്ന് വായനക്കാർ തന്നെ തീരുമാനിക്കട്ടെ. ■